## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1127 — 30.10.2019 ൽ മറുപടിയ്ക്ക്

## ലഹരി ഉപയോഗം കറയ്ക്കാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ ലഹരിയുടെ ഉപയോഗം കുറയ്ക്കാനും തടയാനും പുതിയതായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ലഹരി ഉപയോഗം കുറയ്ക്കുവാനും തടയുന്നതിനും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് പുറമേ മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്ക മരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് സർക്കാർ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മിഷന്റെ കീഴിൽ ബഹുജന പങ്കാളിത്തത്തോടു കൂടി SPC, NSS, Scout & Guides, Library Council, Sports Council, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ. കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, വിവിധ സന്നദ്ധ സംഘടനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവരുടെ സഹകരണത്തോടെ ലഹരിയുടെ ഉപയോഗം കുറച്ചു കൊണ്ട് വരുന്നതിന് വേണ്ടി വൈവിധ്യങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് സൗജന്യ കൗൺസലിംഗ്, ചികിത്സ എന്നിവ നൽകുന്നതിനു വേണ്ടി 3 മേഖലാ കൗൺസലിംഗ് സെന്ററുകളും 14 ജില്ലയിലും ഓരോ ഡി-അഡിക്ഷൻ സെന്ററും ആരംഭിച്ചിട്ടുണ്ട്. വിമുക്തി എന്ന മൊബൈൽ ആപ്പ് മുഖേന ലഹരിയുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട പരാതികൾ ലഹരിമാഫിയയെ ഭയക്കാതെയും തന്റെ ഐഡന്റിറ്റി വെളിപ്പെടുത്താതെയും ലഹരിപദാർത്ഥങ്ങളുടെ ഉപഭോഗം, വിപണനം, സംഭരണം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട അധികൃതരെ അറിയിക്കുവാൻ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും സൗകര്യം ഒരുക്കിയിട്ടുണ്ട്. വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) | ലഹരി മോചന കേന്ദ്രങ്ങളുടെ നിലവാരം പരിശോധിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | ലഹരി മോചന കേന്ദ്രങ്ങളുടെ നിലവാരം മറ്റ് ഏജൻസികളുടെ ലഹരിമോചന കേന്ദ്രങ്ങളെ ക്കാൾ മെച്ചപ്പെട്ടതാണ്. സ്വകാര്യ മേഖലയിൽ പതിനായിരക്കണക്ക് രൂപ ചെലവ് വരുന്ന ചികിത്സ സർക്കാർ ഡീ അഡിക്ഷൻ സെന്ററുകളിൽ തികച്ചും സൗജന്യമാണ്. |

സെക്ഷൻ ഓഫീസർ